**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 698** **26-07-2021 - ൽ മറുപടിയ്ക്ക്**

**കരുവാറ്റക്കടവ് പാലത്തിന്റെ നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.എം.സച്ചിൻദേവ് | | **Shri P. A. Mohamed Riyas**<br>**(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി)** | |
| (എ) | ബാലുശ്ശേരി, കൊടുവള്ളി മണ്ഡലങ്ങളെ ബന്ധിപ്പിക്കുന്ന കരുവാറ്റക്കടവ് പാലത്തിന്റെ നിർമ്മാണം ആരംഭിക്കുന്നതിൽ കാലതാമസം നേരിട്ടത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഉണ്ട് |
| (ബി) | പ്രസ്തുത പാലം നിർമ്മാണത്തിന്റെ നടപടികൾ ഇപ്പോൾ ഏത് ഘട്ടത്തിലാണെന്നറിയിക്കാമോ? | (ബി) | കരുവാറ്റക്കടവ് പാലം നിർമ്മാണത്തിന് 2009-ൽ സ്റ്റിമുലസ് പാക്കേജിൽ ഉൾപ്പെടുത്തി ഭരണാനുമതി നൽകി. പാലം നിർമ്മിക്കുന്നതിനാവശ്യമായ സ്വകാര്യ വ്യക്തിയുടെ ഉടമസ്ഥതയിൽ ഉള്ള സ്ഥലം 2013 ലാണ് free surrender ആയി സർക്കാരിലേക്ക് വിട്ടു നൽകിയത്. ഈ കാലയളവിനുള്ളിൽ ഭരണാനുമതി കാലഹരണപ്പെടുകയുണ്ടായി. സ്ഥലം ലഭ്യമായതിനു ശേഷം ഇൻവെസ്റ്റിഗേഷൻ പ്രവൃത്തി നടത്തി, രൂപകൽപ്പന നടത്തുകയും ചെയ്തതിനു ശേഷം പ്രസ്തുത പ്രവൃത്തിക്കായി ലഭിച്ച നൂറു രൂപ ടോക്കൺ പ്രൊവിഷനിൽ ഉൾപ്പെടുന്ന 350 ലക്ഷം രൂപയുടെ പ്രൊപ്പോസൽ 13/07/2021-ന് നടന്ന അഡ്മിനിസ്ട്രേറ്റീവ് സാങ്ഷൻ കമ്മിറ്റി പരിശോധിക്കുകയും ധനവകുപ്പിന്റെ പരിഗണനയ്ക്ക് അയക്കുവാൻ നിർദേശിക്കുകയും ചെയ്തിട്ടുണ്ട്. അതിൻ പ്രകാരം തുടർ നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ